ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1738 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 259 |
| 280100105-Prior Period Income-Service Cess On Residential Buildings | 1293 |
| 280100106-Prior Period Income-Service Cess On Non Residential Buildings | 7501 |
| 280200201-Prior Period Income-Administative Expenses | (1286825) |
| 280800701-Prior Period-Miscellanous Expenses | (845213) |
| 280800301-Prior Period- Operations And Maintenance Expenses | 8115 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 ജേണൽ വൌച്ചറുകൾക്ക് ആധികാരിക രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും

ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 സ്ഥിരനിക്ഷേപത്തിന്റെ പലിശ വരുമാനമായി ചേർക്കാത്തതിനാൽ ബാലൻസ്ഷീറ്റിൽ സ്ഥിരനിക്ഷേപത്തിന്റെ മൂല്യം കുറവായി കാണിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 19707893 രൂപയുടെ നിക്ഷേപം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഇൻവെസ്റ്റ് രജിസ്റ്റർ പ്രകാരവും 13 സ്ഥിരനിക്ഷേപങ്ങളിലായി 20784925 രൂപയുടെ നിക്ഷേപം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്കുകളിൽ നിന്നുള്ള കൺഫർമേഷൻ സാക്ഷ്യപത്രം ലഭ്യമാക്കിയതു പ്രകാരം 31/3/21 ൽ 20784925 രൂപയുടെ നിക്ഷേപം ഉണ്ട്.എന്നാൽ സ്ഥിരനിക്ഷേപ സാക്ഷ്യപത്രങ്ങൾ പുതുക്കിയത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ലാത്ത പഴയതീയ്യതികളിലുള്ള സ്ഥിരനിക്ഷേപ സാക്ഷ്യപത്രങ്ങൾ ആണ് ഹാജരാക്കിയിട്ടുള്ളത്.2020-21 ൽ ലഭിച്ച പലിശ തുക 1339324 രൂപ കണക്കിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം .

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31757473രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം കണക്കുകൾ താഴെ ചേർക്കും പ്രകാരമാണ്

| | |
|---|---|
| പഞ്ചായത്തിനുള്ള മൂലധന പ്രവൃത്തികൾ | 1099371 * |
| ഭരണചെലവ് ഒഴികെയുള്ള റവന്യൂ ചെലവ് | 30506811 |
| ഭരണചെലവ് | 1638955 |
| ആകെ ചെലവ് | 33245137 |

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | പാലാഴി വാർഡിൽ നടപ്പാത നിർമാണം | 296943 |
| 2 | ചാഴിപറമ്പ് പരിസരം നടപ്പാത | 118197 |
| 3 | ശാന്തി നഗർ റോഡ് നിർമാണം | 483903 |
| 4 | കർഷക വഞ്ചികടവ് റോഡ് നിർമാണം | 142066 |
| 5 | മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റേഷൻ | 58262 |
| | ആകെ പഞ്ചായത്തിനുള്ള മൂലധന പ്രവൃത്തികൾ | 1099371* |

കണക്കുകൾ പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് വിഭാഗം തയ്യാറാക്കിയ വർഷാന്ത്യ കണക്കുകൾ രേഖാമൂലം കൈപ്പറ്റി ആയതിനനുസൃതമായി പഞ്ചായത്തിന്റെ കണക്കിൽ രേഖപ്പെടുത്തൽ വരുത്താത്തതാണ് ഇപ്രകാരം കണക്കുകളിൽ വ്യത്യാസം വരുന്നതിന് കാരണമായിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ബാധ്യതയും ഈ തുക നിക്ഷേപിക്കുന്ന ബാങ്കിലെ നീക്കിയിരിപ്പും തുല്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 |
|---|---|---|

| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|---|---|---|
| 1 | 320100121 | ICDS | 43070 | | | |
| 2 | 320100126 | PYCKA | 20000 | | | |
| 3. | 320200205 | Fund For Transferred Institution | 12000 | | | |
| 4 | 320200317 | Grant For DWS | 21800 | | | |
| 5 | 320200322 | Grants From Suchitwa Mission | 1565170 | | | |
| 6 | 320200399 | Grants Funds And Contribution For Specific Purposes | 33090 | | | |
| 7 | 320100116 | CSS-SSA | 49052 | 450610103 | SBT SSA | 50399 |
| 8 | 320300103 | TSC | 1078888 | | | |
| 9. | 320900202 | Best Panchayath Award | 19888 | | | |
| 10 | 350200301 | Recoveries Payable Covid | 773414 | 450250201 | Treasury Account COVID | 146400 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 KURDFC" വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

വായ്പ ഇനത്തിൽ തൻവർഷം 500000രൂപ KURDFC യിൽ നിന്നും വരവുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ബാലൻസ്ഷീറ്റ് പ്രകാരം വർഷാവസാനം ഈയിനത്തിൽ 7344000 രൂപ അടവാക്കാൻ ബാക്കിയുണ്ട്.എന്നാൽ "330500201- Loan From KURDFC" ശീർഷകത്തിലുള്ള വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലുള്ള ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-29 ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കാത്ത ഡെപ്പോസിറ്റുകൾ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി7 പ്രകാരമുള്ള,താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.ഈ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| 340200103-Water Deposit | 3348 |
| 340200107-Election Deposit (Candidate) | 41,000 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് /സേവന ഉപനികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 14305രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജേണൽ വൌച്ചർ | തീയ്യതി | തുക | ഇനം |
|---|---|---|---|
| 42000219 | 31/3/21 | 2882 | 350410105 Advance Collection Of Revenues Service Cess On Residential Buildings |
| 42000208 | 31/3/21 | 11423 | 350410101 Advance Collection Of Revenues - Property Tax On |

| | | | |
|---|---|---|---|
| | | | Residential Buildings |
| | | 14305 | |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,537,668.രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത 9,125,448രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-32 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ഏതാനും ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല,പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)

| ക്ര.ന | ബാങ്ക് | ബാങ്ക് ബുക്ക് പ്രകാരം 31/3/21 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് (പാസ്ബുക്ക് ഹാജരാക്കി) | 774493 |
| 2. | ടി പി അക്കൌണ്ട് (പാസ്ബുക്ക് ഹാജരാക്കിയില്ല) | 26683 |
| 3. | കാനറ ബാങ്ക് സാക്ഷരത (പാസ്ബുക്ക് ഹാജരാക്കിയില്ല) | 1658 |
| 4. | വിപിഎഫ് III(പാസ്ബുക്ക് ഹാജരാക്കിയില്ല) | 4500 |
| 5. | ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ | 820000 |
| 6. | എസ് ബി ഐ ഇ പേയ്മെന്റ് (പാസ്ബുക്ക് ഹാജരാക്കി,ബാങ്ക് റീകൺസിലിയേഷനും ഹാജരാക്കി എന്നാൽ റീകൺസീലിയേഷൻ പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് 101556 രൂപയാണ്.സോഫറ്റ്വെയറിൽ നിന്നും വരുന്ന ഒരേ ഇനത്തിൽ രണ്ട് തുകകൾ വന്നിരിക്കുന്നു.ഈ റീ കൺസിലിയേഷൻ അംഗീകരിക്കുന്നില്ല) | 108388 |

ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കി ബാങ്ക് അക്കൌണ്ട് പാസ്സ്ബുക്ക് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-33 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | നമ്പർ,തീയ്യതി | തുക |
|---|---|---|
| എസ് ബി ഐ തനത് | ......,14/8/20 | 24506 |
| | 040046,19/11/20 | 46044 |
| | 040046,19/11/20 | 9380 |
| | 040046,19/11/20 | 8980 |
| | 040046,19/11/20 | 136692 |
| ടിഡിസിബി | 020840,11/3/20 | 485 |

| | | |
|---|---|---|
| | 022319,18/6/20 | 2140 |
| | 023224,9/9/20 | 7600 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 " Directly Debited By Bank"- 8.54 ലക്ഷം രൂപ തുടർനടപടി സ്വീകരിക്കണം.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2021 ലെ റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്.ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി,റഫറൻസ് നമ്പർ | തുക |
|---|---|---|
| ട്രഷറി അക്കൌണ്ട് -കോവിഡ് | 31/3/22,29019 | 627014 |
| | 31/3/22,290228 | 146400 |
| എസ് ബി ഐ ഇ പേയ്മെന്റ് | 15 എണ്ണം | 81508 |
| | ആകെ | 854922 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-35 "Directly Credited By Bank" - 11.32 ലക്ഷം രൂപ തുടർനടപടി സ്വീകരിക്കണം.

"Directly Credited By Bank" എന്ന ഇനത്തിൽ 1132747 രൂപ ഉൾപ്പെടുത്തിയാണ് 31/3/21 ലെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് | തീയ്യതി,റഫറൻസ് നമ്പർ | തുക |
|---|---|---|
| ട്രഷറി അക്കൌണ്ട് -കോവിഡ് | 12/5/20,501915 | 122736 |
| | 29/5/20,511082 | 10000 |
| | 11/6/20,502757 | 156426 |
| | 03/7/20,539535 | 116331 |
| | 13/8/20,500033 | 158737 |
| | 30/11/20,505024 | 209184 |
| എസ്ബിഐ തനത് | 4/11/20 | 4823 |
| എസ്ബിഐ ഇ പേയ്മെന്റ് | 142 രേഖപ്പെടുത്തലുകൾ | 354510 |
| | ആകെ | 1132747 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-36 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ 9.74 ലക്ഷം രൂപ-തുടർനടപടി സ്വീകരിക്കണം

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 974311 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | നമ്പർ,തീയ്യതി | തുക |
|---|---|---|
| ട്രഷറി അക്കൌണ്ട് | 1929900,11/5/20 | 122736 |

| | | |
|---|---|---|
| -കോവിഡ് | | |
| | ..............,11/5/20 | 10000 |
| | 1929720, 9/6/20 | 156426 |
| | .............,3/7/20 | 116331 |
| | 1019304,12/8/20 | 158737 |
| | 1198703,28/11/20 | 209184 |
| ടിഡിസിബി | 483144,12/2/21 | 6250 |
| | 068514,14/1/21 | 12726 |
| | 225436,21/12/20 | 16990 |
| | ........,7/9/20 | 58340 |
| | .........,31/3/2011 | 8206 |
| എസ് ബി ഐ ഇ പേയ്മെന്റ് | 49 ചെക്കുകൾ (31/12/20 മുതൽ 1/1/21 വരെ) | 98385 |
| | ആകെ | 974311 |

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-37 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 12 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-38 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ആയതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നമ്പർ: 6/21.05.2022), മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-39 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു

സഞ്ചയയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ, 7 ാം വാർഡിലെ 475,477,480 എന്നീ കെട്ടിടങ്ങളും 13 ാം വാർഡിലെ 400,400 A,400 B എന്നീ കെട്ടിടങ്ങളും സ്വകാര്യ ഹോസ്റ്റൽ ,ഹോംസ്റ്റേ എന്നീ വിഭാഗത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/14.05.2022), പ്രസ്തുത കെട്ടിടങ്ങൾ ഹോം സ്റ്റേ ആയി പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷിച്ച് ബോധ്യപ്പെട്ടാൽ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ

തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

1. പഞ്ചായത്തിന്റെ പരിധിയിൽ 12 പൊതുവിതരണ കേന്ദ്രങ്ങളും 10 കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/21.05.2022), പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, കള്ള് ഷാപ്പുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | ടി വി ജെ പെട്രോളിയം കമ്പനി | 17/273 |
| 2 | സമൃദ്ധി ഫ്യൂവൽസ് | 5/134 |
| 3 | സിംല ഹോട്ടൽ | 7/502 |
| 4 | സിംല മൂവീസ് | 5/505 |
| 5 | ബ്രഹ്മകുളം മൂവീസ് | 7/500 |
| 6 | ശാന്തി ഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽ | 16/511 |
| 7 | നിതിൻ ഹൈ ടെക് ലാബ് | 17/251 A |
| 8 | സിൽവർ റസിഡൻസി ഹെറിറ്റേജ് | 5/516,516 B,517 |
| 9 | നവരത്ന സൂപ്പർ ഷോപ്പി | 8/614 A |
| 10 | സേവന സൂപ്പർ മാർക്കറ്റ് | 16/777,778,779 |
| 11 | കൈരളി സൂപ്പർ മാർക്കറ്റ് | 16/699,700 |
| 12 | വിൻ പോളിമർസ് | 5/520 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 9/21.05.2022), പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് നിർദ്ദേശിച്ച് 21.05.2022 തീയതിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും, തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

2020-21, സാമ്പത്തിക വർഷത്തിൽ , വി.ഇ.ഒ നടപ്പിലാക്കിയ, SC വിദ്യാർത്ഥികൾക്ക് പഠനമുറി നൽകൽ പദ്ധതി പ്രകാരം, താഴെ പറയുന്ന വീടുകൾക്ക് 120 Sq.ft (11.14 ച.മീ) വിസ്തീർണ്ണം വരുന്ന പഠനമുറി നിർമ്മിച്ചു നൽകിയിരുന്നു. ആയതിനാൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നിട്ടുള്ളതാണ്. ഇതു പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

| വർഷം | പദ്ധതി നം | കെട്ടിട നം. | പേര് | നിലവിൽ ഉണ്ടായിരുന്ന തറവിസ്തീർണ്ണം (ച.മീ) | മാറ്റം വന്നതിനു ശേഷമുള്ള തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|
| 2020-21 | 10/21 | 14/153 | കണ്ണൻ | 58 | 69.14 |
| 2020-21 | 10/21 | 11/38 | ചീരു | 54 | 65.14 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 14/24.05.2022), വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായും അസി.എഞ്ചിനീയർ അന്വേഷണ ഉദ്യോഗസ്ഥനായും നടപ്പിലാക്കിയ പദ്ധതിയിൽ, വീടുകളുടെ വിസ്തീർണ്ണത്തിൽ വന്ന വ്യതിയാനം, വസ്തു നികുതി സെക്ഷൻ അറിയുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നില്ലെന്നും,മേലിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കണമെന്ന് ഗുണഭോക്താക്കളോട് നിർദ്ദേശം നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 വസ്തു നികുതി -തെറ്റായി അസ്സസ്സ്മെന്റ് നടത്തി

2020-21 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ, ശ്രീ. ഷാജു, ശ്രീമതി ലിസ്സി എന്നിവരുടെ ഉടമസ്ഥതയിലുള്ള, മൂന്നാം വാർഡിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന നികുതിയിലുള്ള ഇളവ് | അടിസ്ഥാന നികുതിയിൻമേലുള്ള വർദ്ധനവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 3/478 A | 29.27 | 1464 | - | - |
| 3/478 B | 51.88 | 2594 | 259.4 | - |
| 3/478 C | 108 | 5400 | - | - |
| 3/478 D | 25.97 | 1299 | - | - |
| 3/478 E | 16.63 | 832 | - | - |
| 3/478 F | 21.77 | 1089 | - | - |
| 3/478 G | 16.84 | 842 | - | -- |
| 3/478 H | 21.77 | 1089 | - | - |

മേൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയപ്പോൾ കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ തരം, 5 മീറ്ററിൽ കുറവുള്ളതായാണ് (മണലൂർ ബണ്ട് റോഡ്) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൂർത്തിയാക്കിയ കെട്ടിടത്തിന്റെ പ്ലാനിൽ സമീപത്തുള്ള റോഡിന്റെ (കാഞ്ഞാണി ചാവക്കാട് റോഡ്) വീതി 7 മീറ്ററിൽ കൂടുതൽ ഉള്ളതായാണ് കാണുന്നത്. അങ്ങനെയെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന വസ്തു നികുതിയിൻമേൽ, കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 6 പ്രകാരം ബാധകമായ 20 ശതമാനം വർദ്ധന വരുത്തിയിട്ടില്ല. മാത്രമല്ല 3/478 B എന്ന കെട്ടിടത്തിന്, സമീപത്തുള്ള റോഡിന്റെ വീതി 1.5 മീറ്ററിൽ കുറവുള്ളതായി കാണിച്ച് 10 ശതമാനം ഇളവും നൽകിയിട്ടുണ്ട്.
ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 21/25.05.2022), കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച്, അപേക്ഷകനിൽ നിന്നും ഉക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 വസ്തു നികുതി അസ്സസ്സ്മെന്റ്- സഞ്ചയയിലെ അപാകത

2020-21 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ ശ്രീ. അഷ്കർ, ശ്രീമതി അൻഷിദ എന്നിവരുടെ ഉടമസ്ഥതയിലുള്ള 17 ാം വാർഡിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 6 പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർദ്ധനവ് അടിസ്ഥാന നികുതിയോടൊപ്പം വരുത്തിയിട്ടില്ല.

.

| കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ) |
|---|---|
| 17/245 C | 97.93 |
| 17/245 D | 72.31 |
| 17/245 E | 72.31 |
| 17/245 G | 62.72 |
| 17/245 I | 62.72 |
| 17/245 J | 56.96 |
| 17/245 K | 49.70 |

| | |
|---|---|
| 17/245 L | 98.73 |
| 17/245 M | 73.09 |
| 17/245 N | 73.09 |
| 17/245 O | 63.52 |
| 17/245 P | 63.52 |
| 17/245 Q | 57.76 |
| 17/245 R | 50.57 |
| 17/245 S | 65.66 |
| 17/245 T | 35.75 |
| 17/245 U | 35.75 |
| 17/245 V | 35.75 |
| 17/245 W | 35.75 |
| 17/245 X | 35.75 |
| 17/245 Y | 35.08 |
| 17/245 Z | 35.08 |
| 17/245 AA | 35.08 |
| 17/245 AB | 35.08 |
| 17/245 AD | 51.35 |
| 17/245 AE | 54.70 |
| 17/245 AF | 10.50 |
| ആകെ | 1456.21 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/26.05.2022), സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരം രേഖപ്പെടുത്തിയപ്പോൾ, മേൽത്തരം തടി/മാർബിൾ/ഗ്രാനൈറ്റ്/മറ്റ് വിലയേറിയ വസ്തുക്കൾ എന്നാണ് സെലക്ട് ചെയ്തിരുന്നതെന്നും മുറിയുടെ വിസ്തീർണ്ണം 250 ച.മീറ്ററിൽ താഴെ ആയതിനാലാണ് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് കണക്കാക്കിയിട്ടില്ലാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 200 ച. മീറ്ററിൽ കൂടുതലായതിനാൽ, മുറികളുടെ നികുതി, അവയുടെ വിസ്തീർണ്ണം 200 ച.മീറ്ററിന് താഴെയാണെങ്കിലും, വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, ച.മീറ്ററിന് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. ഇതുപോലെ, തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കുമ്പോൾ, ഓരോ മുറിയുടെയും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വർദ്ധനവ് വരുത്തുവാൻ സാധിക്കുന്നത്. തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീറ്ററിൽ കൂടുതലാണ് എന്നു സെലക്ട് ചെയ്യുന്നതിന് സഞ്ചയയിൽ ഓപ്ഷൻ നിലവില്ലെന്നും ഈ അപാകത ഇൻഫർമേഷൻ കേരള മിഷനെ അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിക്കുന്നു. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വലിയ വാണിജ്യ കെട്ടിടങ്ങൾക്ക് ഈ വിഷയം ബാധകമായേക്കാവുന്നതിനാൽ ഇതു മൂലം പഞ്ചായത്തിന് നികുതിയിനത്തിൽ വലിയ തുക നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ മേൽ വിഷയത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ച്, ചട്ട പ്രകാരമുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 21-5-22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-45 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.4 തീയതി 21 -5-22)

സ.ഉ.(എം.എസ്)74/14 എൽ.എസ്.ജി.ഡി തീ.7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ PRICE സോഫ്റ്റ് വെയറിൽ റോഡ് പ്രവൃത്തികൾക്ക് 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് 27-4-22 ലെ 263/AE/LSGD/PTR/22 പ്രകാരം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 പ്രോജക്ട് നം.293/21 ടേക്ക് എ ബ്രേക്ക് കാഞ്ഞാണി ബസ് സ്റ്റാന്റ്ടോയലറ്റ്നവീകരണവുംവെയിറ്റിങ് ഷെഡ് നിർമാണവും

അടങ്കൽ :₹ 5,15,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട് )

ഭരണാനുമതി - 2 (1) തീ. 20-2-21

സാങ്കേതികാനുമതി - 137 തീ. 14-1-19 ₹ 55,21,000/- (COST FORD നൽകിയത്)

കരാർ നം. തീ. 90/ AE LSGD MNLR 20-21 തീ. 26-2-21

കരാറുകാരൻ - കോസ്റ്റ് ഫോർഡ്

പി.എ.സി. തുക – ₹ 5,15,000-

വൗ. നം. 22001640 തീ. 26-03-21 - ₹1,03,000/-

അളവുപുസ്തകം –2932,2933

ഓഡിറ്റ് എൻക്വയറി നം. 29 തീ. 25-05-22

മേൽപ്രകാരം പ്രോജക്ട് ഓഡിറ്റ് കാലയളവിൽപൂർത്തീകരിച്ചിട്ടില്ലാ നിർമാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 2 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് കോസ്റ്റ് ഫോർഡിന് നേരിട്ട് നിർവഹിക്കാവുന്നത്. മറ്റുള്ള മരാമത്തു പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നടത്തി മേൽനോട്ടം വഹിക്കുന്ന 'പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നടത്തേണ്ടത്.

ഫയൽ പരിശോധനയിൽ PRICE സോഫ്റ്റ്‌വെയർ മുഖേന ' Other Engineering Organisations' ന വേണ്ടി തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി കണ്ടത്. ഇതിൽ നിന്നും ചെലവുകുറഞ്ഞ സാങ്കേതികവിദ്യയല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിനു വിധേയമായി 'പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നിർമാണ പ്രവൃത്തികൾ നടത്തേണ്ടിയിരുന്നത്.

2. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 3 പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ മുഖേന വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ സാങ്കേതിക മികവ്, സെന്റേജ് ചാർജ്ജ് എന്നി കാര്യങ്ങൾ മുൻനിർത്തിയാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകേണ്ടത്. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികളൊന്നുമില്ലാതെയാണ് ടോയലറ്റ്നവീകരണവുംവെയിറ്റിങ് ഷെഡ് നിർമാണവും ഇപ്പോൾ COST FORD നെ ഏൽപ്പിച്ചിട്ടുള്ളത്.

3. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 7 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഒഴികെയുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വിഭാഗമാണ് നൽകേണ്ടത്. മേൽകാര്യത്തിൽ സാങ്കേതികാനുമതി COSTFORD നൽകിയിട്ടുള്ളതായി കാണുന്നു.

4. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 12 പ്രകാരം കോസ്റ്റ്ഫോർഡിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിലെയും എഞ്ചിനീയർമാർ ചേർന്ന് പ്രവൃത്തിയുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടതാണ്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ചെക്ക് മെഷർമെന്റ് നടന്നിട്ടില്ല.

5. സ.ഉ. (എം.എസ്) 133/2007 ത.സ്വ.ഭ.വ തീ. 18-05-07 നിർദ്ദേശം 10 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതു പ്രകാരമാണ്. കൂടാതെ സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 മേൽകാര്യത്തിൽ കോസ്റ്റ് ഫോർഡ് അവലംബിക്കേണ്ടിയിരുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായ പ്രകാരമുള്ള പ്രവൃത്തികൾക്ക് 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. കരാർ ഷെഡ്യൂൾ പ്രകാരം ഇപ്പോൾ 7.5% സെന്റേജ് ചാർജ്ജാണ് നല്കിയിരിക്കുന്നത്.

6. സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 14 പ്രകാരം സ്റ്റേജ് അടിസ്ഥാനത്തിലാണ് കോസ്റ്റ് ഫോർഡിന് തുക നൽകേണ്ടിയിരുന്നത്. ഇതു പ്രകാരം കരാർ ഒപ്പിടുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% തുടർന്നുള്ള അഞ്ചു ഗഡുക്കൾ എസ്റ്റിമേറ്റ് തുകയുടെ 15% വീതം മുൻപു നൽകിയ തുകയുടെ 90% വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിലും അവസാനത്തെ ഗഡു 5% 'ഡിഫക്റ്റ് ലയബിലിറ്റി' കാലയളവിനു ശേഷവും മാത്രം നല്കേണ്ടതാണ്. 2021-22 കാലയളവിൽ പ്രവൃത്തി പൂർത്തിയായ സാഹചര്യത്തിൽ 'ഡിഫക്റ്റ് ലയബിലിറ്റി ' കാലയളവു പൂർത്തിയാകുന്നതിനു മുമ്പ് മുഴുവൻ തുകയും നല്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-47 പ്രൊജ. നം. 195/20-21 -- GST Compensation ഇനത്തിൽ ₹ 168445-അനർഹമായി അനുവദിച്ചു നൽകി

(ഓഡിറ്റ് എൻക്വയറി നം. 32 തീയതി 26-5-22)

വൗച്ചർ നം. 22000344തി. 6-7-2020 ₹ 92192/-

വൗച്ചർ നം. 22000345തി. 6-7-2020 ₹ 29789/-

വൗച്ചർ നം. 22000867തി. 27-11-2020 ₹ 46464/-

ഓഡിറ്റ് കാലയളവിൽ അനർഹമായി GST Compensation ഇനത്തിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | GST Compensation ഇനത്തിൽ നൽകിയ തുക | വൗ.നം./തിയ്യതി |
|---|---|---|
| കെ.എ. കൊച്ചുമോൻ | ₹ 92192- | വൗച്ചർ നം. 22000344തി. 6-7-2020 |

| | | |
|---|---|---|
| എം.ആർ. ഗിരീഷ് | ₹ 29789- | വൗച്ചർ നം. 22000345തി. 6-7-2020 |
| ബിജു കെ.ഡി. | ₹ 46464- | വൗച്ചർ നം. 22000867തി. 27-11-2020 |
| ആകെ | ₹ 168445- | |

GST Compensation അർഹമാകുന്നതിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നതു പ്രകാരമാണ്

( എ ) 01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ (ഖണ്ഡിക(4)) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work (Bitumen Contractor Supply) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE /6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. ഇപ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

( ബി ) സ.ഉ. 2/2018 പൊ.മ.വ തി. 27-1-'18 ( ഈ ഉത്തരവിന്റെ പകർപ്പ് എൽ എസ്. ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ് ) ഖണ്ഡിക 22, 23 എന്നിവ പ്രകാരം 1-7-'17 നോ അതിനു ശേഷമോ ടെൻഡർ പുറപ്പെടുവിച്ച പ്രവൃത്തികൾക്ക് GST Compensation അർഹതയില്ല.Ind. PW B2 176/'19 ഫിൻ തി. 22-10-'19 പ്രകാരം ധനകാര്യ വകുപ്പ് അഡി.ചീഫ് സെക്രട്ടറി LSGD ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള സ്പഷ്ടീകരണം ഖണ്ഡിക 4 പ്രകാരം ഇക്കാര്യം ആവർത്തിച്ചിട്ടുള്ളതുമാണ്.

GST Compensation അർഹമാകുന്ന 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ബിറ്റുമിൻ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നതു പ്രകാരം പ്രൊജക്റ്റുകൾ മാത്രമാണ്.

| പ്രൊജ.നം./പേരു വിവരം | ടെണ്ടർ പുറപ്പെടുവിച്ച തിയ്യതി |
|---|---|
| പ്രൊജ.നം. 15918-19 തിണ്ടാട്ട് റോഡ് റീടാറിങ് | 3-8-'17 |
| പ്രൊജ.നം. 147/18-19 ഉല്ലാസ് റോഡ് മെറ്റലിങ് ടാറിങ് | 14-12-17 |
| പ്രൊജ.നം. 157/18-19 ശ്രീനാരായണ റോഡ് റിനോവേഷൻ | 14-12-17 |
| പ്രൊജ.നം. 167/18-19 ഹോസ്പിറ്റൽ റോഡ് റീടാറിങ് | 9-11-'17 |
| പ്രൊജ.നം. 146/18-19 കുഞ്ഞാപ്പ റോഡ് മെറ്റലിങ് ടാറിങ് | 3-8-'17 |

GST Compensation അർഹമാകുന്ന 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ബിറ്റുമിൻ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും GST Compensation അർഹമാകുന്ന നിശ്ചിത തിയ്യതി- 30-6-'17 നു ശേഷം മാത്രം ടെൻഡർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ GST Compensation അനർഹമാണ്. മേൽപ്രകാരം പ്രൊജക്റ്റുകൾ ഒഴികെയുള്ളവ GST സഹിതം പുതുക്കി നിശ്ചയിച്ചിട്ടുള്ള ബിറ്റുമിൻ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായതും GST Compensation അർഹമാകുന്ന നിശ്ചിത തിയ്യതിയ്ക്കു ശേഷം 30-6-'17 നു

മാത്രം ടെൻഡർ പുറപ്പെടുവിച്ചതുമായതിനാൽ GST Compensation അർഹതയില്ല. കൂടാതെ സ.ഉ 2532/18 ത.സ്വ.ഭ.വ തി.29-9-'18 ഖണ്ഡിക 8 പ്രകാരം Statement Of Final Settlement Of Contract Amount & Declaration പകർപ്പ് CGST,SGST ഓഫീസുകളിൽ ഫയൽ ചെയ്തതിന്റെ പകർപ്പുകളും ബന്ധപ്പെട്ട കരാറുകാർ ഗ്രാമ പഞ്ചായത്തിൽ നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹ 168445- ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

## 1-48 കാലി ബാരലിന്റെ വില -- GST ഇനത്തിലുള്ള തുക GST വകുപ്പിലേക്കു അടവാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 5 തീ. 21-5-22

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ കരാറുകാരിൽ നിന്നു ബിറ്റുമിൻ കാലിബാരലുകളുടെ വില ഒന്നുക്ക് ₹ 281- നിരക്കിൽ ( 238+18% (GST) ) --കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം ഈടാക്കാതെ-- തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. ഇത് ക്രമപ്രകാരമല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | പ്രൊജക്റ്റിന്റെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 184 | പുത്തേഴത്ത് റോഡ് | 2410- |
| 2 | 149 | എടത്തറക്കടവ് റോഡ് | 4228- |
| 3 | 147 | അയ്യപ്പൻകാവ് റോഡ് | 5576- |
| 4 | 143 | ഇ.എം.എസ് റോഡ് | 4578- |
| 5 | 148 | പുത്തേഴത്ത് ഈസ്റ്റ് റോഡ് | 3758- |
| 6 | 165 | മഹാത്മ റോഡ് | 3551- |
| 7 | 198 | സൂര്യ റോഡ് | 5228- |
| 8 | 202 | പൊറ്റെക്കാട്ട് ലോഹിതാക്ഷൻ റോഡ് | 3897- |
| 9 | 213 | നന്മ റോഡ് | 3337- |
| 10 | 208 | ഇറിഗേഷൻ റോഡ് | 3492- |
| 11 | 91 | പുത്തേഴത്ത് ഈസ്റ്റ് റോഡ് ബാക്കി ഭാഗം | 1489- |
| 12 | 193 | ആനക്കാട് ശ്മശാനം റോഡ് | 5720- |
| 13 | 170 | മഹാത്മ ഗാന്ധി റോഡ് | 3591- |
| 14 | 210 | സൗഹാർദ്ദ റോഡ് | 2054- |
| 15 | 241 | നന്മ റോഡ് ബാക്കി ഭാഗം | 358- |
| 16 | 238 | ഇറിഗേഷൻ റോഡ് ബാക്കി ഭാഗം | 921- |
| 17 | 203 | ആനക്കാട് റോഡ് | 1591- |
| 18 | 207 | ആനക്കാട് റോഡ് ബാക്കി ഭാഗം | 1178- |
| 19 | 224 | വെള്ളേത്തടം റോഡ് | 9990- |
| 20 | 209 | തച്ചുകുളം റോഡ് | 3592- |
| 21 | 262 | കോരൻസ് റോഡ് | 8347- |
| 22 | 214 | കരിക്കൊടി റോഡ് | 6615- |
| 23 | 161 | ആനക്കാട് റോഡ്, കൾവർട്ട് | 5525- |
| 24 | 212 | മഹാത്മ ഗാന്ധി റോഡ് രണ്ടാം ഘട്ടം | 1450- |
| 25 | 259 | ബാങ്ക് ഹൈസ്കൂൾ റോഡ് | 3374- |
| 26 | 26 | സുഭാഷ് റോഡ് | 1453- |
| 27 | 191 | പട്ടിക ജാതിവ്യവസായ കേന്ദ്രം റോഡ് | 3624- |
| 28 | 199 | എസ്.എൻ. ജി.എച്ച്.എസ് റോഡ് | 8637- |
| 29 | 42 | തച്ചംകുളം റോഡ് | 6634- |
| 30 | 47 | കരിക്കൊടി റോഡ് വാർഡ് 16 | 1184- |
| 31 | 31 | കാഞ്ഞാം കുളം റോഡ് | 2094- |
| 32 | 204 | അയ്യപ്പൻകാവ് പടിഞ്ഞാറെ നട റോഡ് | 2331- |
| 33 | 38 | സിറാമിക് റോഡ് | 5873- |
| 34 | 70 | ചുങ്കത്ത് റൈസ് മിൽ റോഡ് | 2998- |
| 35 | 201 | വെസ്റ്റേൺ റോഡ് | 8350- |
| 36 | 32 | മൈത്രി റോഡ് | 1767- |
| 37 | 260 | അയ്യപ്പൻകാവ് സൊസൈറ്റി റോഡ് | 8731- |
| | | | 149526- |

കാലി ബാരലിന്റെ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയ ആകെ₹ 149526-ൽ ഏകദേശം ₹126717-- കാലി ബാരലിന്റെ വിലയായും ₹ 22809- ആയതിന്മേലുള്ള GST ആയും ഓഡിറ്റിൽ വിലയിരുത്തുന്നു. കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം കണക്കാക്കിആയത് ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 1-49 പഞ്ചായത്താഫിസ് നവീകരണത്തിന് ഒന്നിലധികം പ്രൊജക്കുകൾ നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് എൻക്വയറി നം. 18തീ.24-5-'22

സർക്കാർ സർക്കുലർ ഇ2 12509/16 സി.ഇ.എൽഎസ്.ജി.ഡി തീ.19-1-17 പ്രകാരം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമാണം നടത്തേണ്ടതാണെന്നും അല്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആയതിന് ഉത്തരവാദികളായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. പഞ്ചായത്താഫിസ് നവികരണം എന്ന പ്രവൃത്തിയിൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിലധികം പ്രൊജക്കുകൾ നടപ്പിലാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ട വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജ.നം./പ്രൊജ.പേരു വിവരങ്ങൾ | അടങ്കൽ | ചെലവു തുക |
|---|---|---|
| 221 പഞ്ചായത്താഫീസ് മുകൾ നില നവീകരണം | 5,03,952- | 3,24,987- |
| 171 പഞ്ചായത്താഫീസ് നവീകരണം 2 ാം ഘട്ടം | 8,45,73- | 8,45,73- |
| 288 പഞ്ചായത്താഫീസ് വാട്ടർ ടാങ്ക് നിർമാണം | 1,00,000- | ഇല്ല |
| 229 പഞ്ചായത്താഫീസ് ചുറ്റുമതിൽ ടോയ്ലറ്റ് നവീകരണം | 99,420-- | 99,291-- |
| 244 പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | 3,00,000- | 2,91,819- |

പഞ്ചായത്താഫിസ് നവീകരണത്തിന് ഒന്നിലധികം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതു വിശദീകരിക്കേണ്ടതാണ്.

## 1-50 പഞ്ചായത്ത് ആഫീസ് നവീകരണം - അപാകതകൾ

പഞ്ചായത്ത് ആഫീസ് നവീകരണം - അപാകതകൾ

(ഓഡിറ്റ് എൻക്വയറി നം. 18 തീയതി 21-5-22)

(എ) പ്രൊജ.നം.171/21: പഞ്ചായത്ത് ആഫീസ് നവീകരണം 2ാം ഘട്ടം

അടങ്കൽ : ₹ 18,54,627- ( തനതു ഫണ്ട് )

₹ 8,45,373- ( വി.ഫ ധനകാര്യ കമ്മീഷൻ )

ഭരണാനുമതി -ഇല്ല

സാങ്കേതികാനുമതി -ഇല്ല

കരാർ നം.-3/AE LSGD MNLR 19-20 തി. 24-10-19

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 27,00,000-

ട്രഷറി ബിൽ നം. 42/20-21 തി.11-11-20 ₹ 8,45,373-

അളവുപുസ്തകം -ഇല്ല

(ബി) പ്രൊജ.നം.244/21: പഞ്ചായത്ത് കോൺഫറൻസ് ഹാൾ പുനരുദ്ധാരണം

അടങ്കൽ : ₹ 3,00,000- ( തനതു ഫണ്ട് )

ഭരണാനുമതി - 2(1) തീ. 20-2-21

സാങ്കേതികാനുമതി -ഇല്ല

കരാർ നം.-46/AE LSGD MNLR 19-20 തി. 4-3-20

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 2,91,819-

വൗ. നം. 22000343 തി.6-7-20 ₹ 2,91,819-

അളവുപുസ്തകം -ഇല്ല

(ഓഡിറ്റ് എൻക്വയറി നം.18തി. 24-05-22 )

പ്രൊജക്ട് നം.171/21 പ്രകാരം പെയിന്റിങ്, പാർട്ടീഷൻ/പാനലിങ്, ടൈൽ പ്രവൃത്തികൾ എന്നീയിനങ്ങളിൽ ₹ 17,17,182- ഉം ഫർണിച്ചർ വാങ്ങിയതിന് ₹ 9,82,818-മാത്രവുമാണ് ചെലവഴിച്ചിട്ടുള്ളത്

പ്രൊജക്ട് നം.244/21 പ്രകാരം ₹2,91,819- മുഴുവനായും ചെലവഴിച്ചിട്ടുള്ളത് ടൈൽ/പെയിന്റിങ് പ്രവൃത്തികൾക്ക് മാത്രമാണ് .

പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങൾ പോലും പാലിക്കാതെയാണ് ആർട്ട്കോ വഴി മേൽപ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. അപാകതകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ദ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തികൾ 'ആർട്ട്കോ'യെ ഏൽപ്പിച്ചു കാണുന്നു.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന്ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ. (സാധാ) നം.2092/2018 ത.സ്വ ഭ.വ തി.1-8-2018 പ്രകാരം ആർട്ട്കോ'യിലെ ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ്

ഉത്തരവായിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചില ഫർണിഷിങ് പ്രവൃത്തികളുടെ മറവിൽ ടൈൽ, പെയിന്റിങ്ങ് എന്നീ പ്രവൃത്തികളാണ് ഇപ്പോൾ വലിയ അളവിൽ നിർവ്വഹിച്ചിട്ടുള്ളത്.

പ്രൊജക്ട് നം.244/21 പ്രകാരം ടൈൽ/പെയിന്റിങ് പ്രവൃത്തികൾ മാത്രമാണ് നിർവഹിച്ചിട്ടുള്ളത്.

3. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനം സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ ലഭ്യതയാണ്. സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-'13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം.സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

4.സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്.

5. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല. ഫർണിച്ചറുകൾ സപ്ലൈ ചെയ്തതും വിവിധയിനം പ്രവൃത്തികൾ ചെയ്തതും ആർട്ട്കോ ഇൻവോയ്സുകളിലാണ് ഇപ്പോൾ രേഖപ്പെടുത്തി നൽകിയിട്ടുള്ളത്.

6. കേരള പൊതുമരാമത്തു വകുപ്പു മാനുവൽ വകുപ്പ് 2113 പ്രകാരമുള്ള സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

7. (എ)സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8 പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിൽ GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) (I) പ്രൊജക്ട് നം.171/21----ആർട്ട്കോ ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയ്സ് നം. 584 തി. 9-10-'19 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹22,68,908-ഉം GST യിനത്തിൽ ₹ 4,08,403- (18%) ഫ്ലഡ് സെസ്സ് ₹ 22,689-(1%) എന്നിങ്ങനെയാണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹ 1,36,134- (₹22,68,908-x 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

(Ii) പ്രൊജക്ട് നം.244/21----ആർട്ട്കോ ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയ്സ് നം. 1188തി. 3-1-'20 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു

ചെയ്ത തുക ₹2,45,226-ഉം GST യിനത്തിൽ ₹ 44140- ( 18% ) ഫ്ലഡ് സെസ്സ് ₹ 2453-( 1% ) എന്നിങ്ങനെയാണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹ 14714-(₹2,45,226-x 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

8. അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിട വന്നത് വിശദീകരിക്കേണ്ടതാണ്.

9. തുക നൽകിയ കാര്യത്തിൽ ആർട്ട്കോ കൈപ്പറ്റുരശീതുകൾ നൽകിയിട്ടില്ല. ആർട്ട്കോ നൽകിയ പ്രൊഫോമ ഇൻവോയ്സുകൾ മാത്രമാണ് ഇപ്പോൾ പരിശോധനക്ക് ലഭ്യമായിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ച വന്നിട്ടുള്ള സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും GST ഇനത്തിൽ അധികം ചെലവു ചെയ്ത തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതുമാണ് .

## 1-51 പ്രൊജ.നം. 151/20-21 വഞ്ചിക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

വൗ.നം. 40/20-21 ₹ 7 ലക്ഷം

ഓഡിറ്റ് എൻക്വയറി നം. 34 തി. 26-5-22

14-15 വർഷം 20 ലക്ഷം എസ്റ്റിമേറ്റിൽ ജല അതോറിറ്റി നിർവഹണം നടത്തിവരുന്ന പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് ₹68,70,000- ആയി പുതുക്കുകയും 18-19 കാലയളവു വരെ ₹55 ലക്ഷം ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയുമുണ്ടായിയെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

19-20, 20-21 ഓഡിറ്റ് കാലയളവിൽ യഥാക്രമം ₹32ലക്ഷം, ₹7ലക്ഷം എന്നിങ്ങനെ ആകെ ₹39 ലക്ഷം ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ്, കേരള ജല അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുക ലഭിച്ചതിന് കേരള ജല അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രശീത് എന്നിവ ഇല്ലാത്തതായി പരിശോധനയിൽ കണ്ടു. പ്രൊജക്റ്റിന്റെ നാളിതു വരെയുള്ള പുരോഗതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. എസ്റ്റിമേറ്റു തുക ₹20 ലക്ഷം ആയി കണക്കാക്കി ആരംഭിച്ച പ്രൊജക്റ്റിന് ഓഡിറ്റ് കാലയളവു വരെ ₹ 94 ലക്ഷം ചെലവഴിച്ച സാഹചര്യമാണുള്ളത്. എസ്റ്റിമേറ്റു തുകയിലും അഞ്ചു മടങ്ങ് ചെലവഴിച്ചിട്ടും കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാകാത്ത കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-52 ലൈഫ് പദ്ധതി

2019 -20
പ്രോജക്റ്റിന്റെ പേര് : ലൈഫ് എസ്. സി.
പ്രൊജക്റ്റ് നമ്പർ : 133 / 2019 – 20

അടങ്കൽ : 44,00,000/-
ചെലവ് : 11,60,000/-(വികസനഫണ്ട് (എസ്.സി.പി.))
ബിൽ നമ്പർ : 11 /17.12.19 1,80,000/-

2020 -21
പ്രോജക്ടിന്റെ SO-254 / 2020- 21
അടങ്കൽ : 24,20,000/-
ചെലവ് : 6,80,000/- [വികസനഫണ്ട് (എസ്.സി.പി.) : 1,60,000/- + സംസ്ഥാനാവിഷ്കൃത ഫണ്ട് : 2,00,000/- + ലോൺ : 3,20,000/-]
പേര് : ലൈഫ് എസ്. സി.
പ്രൊജക്റ്റ് നമ്പർ : ബിൽ നമ്പർ : 11 /17.12.19, 1,80,000

| ഗുണഭോക്താക്കളുടെ പേരുവിവരം | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക (രൂപ) | ബിൽനം./ തീയതി |
|---|---|---|---|
| രാധ മോഹൻ ചേലങ്ങാത് വീട് | 28.5.2018 | 1. 40,000/-(അഡ്വാൻസ്)- 18.3.20 | 1. 33/19-20 Dt.18.3.20-80,000/- |
| | | 2. 40,000/-(തറ പണിക്ക്)- 11.2.21 | 2. 17/20-21, Dt.6-1-21 40,000/- |
| | | 3. 80,000/-(തറ പണി പൂർത്തീകരണം) – 26.3.21 | 3. 33/20-21, Dt.26.3.21 80,000/- ആകെ = 1,60,000/- |

രാധ മോഹൻ എന്നവർ മൂന്ന് ഗഡുവായി തുക കൈപ്പറ്റിയിട്ടും നാളിതു വരെയായും പണി പൂർത്തീകരിക്കാതെയും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/24.5.22) രാധ മോഹൻ എന്നവർ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വീട് പണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

പ്രൊജക്റ്റ് നമ്പർ : 94/2020-21
പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ : 16,00,000/-
ചെലവ് : 13,50,000/-

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | തീയതി |
|---|---|---|---|
| 1. | 10/20-21 | 3,57,000/- | 28.2.21 |
| 2. | 15/20-21 | 1,93,000/- | 18.1.21 |
| 3. | 18/20-21 | 2,00,000/- | 16.2.21 |
| 4. | 23/20-21 | 1,00,000/- | 26.3.21 |
| 5. | 52001362 | 1,00,000/- | 24.3.21 |
| 6. | 52001363 | 4,00,000/- | 24.3.21 |

മേൽ പദ്ധതി പ്രകാരം സ്കോളർഷിപ്പ് നേടിയ ജസ്റ്റിൻ, പെരുമാടൻ വീട്, കണ്ടശാംകടവ് എന്ന വിദ്യാർത്ഥിക്ക് 22,000/- സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥിയുടെ പേര് ഉൾപ്പെടുന്ന ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ: 16/24.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-54 തനത് ഫണ്ടിൽ നിന്നും പ്രോജക്ടിൽ വകയിരുത്തി ചെലവഴിച്ച തുക മറ്റൊരു പ്രോജക്ട് വഴി വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | 194/20 – പഞ്ചായത്ത് ഓഫീസ് നവീകരണത്തോടനുബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ്ങ് |
|---|---|---|

| | | |
|---|---|---|
| | | എന്നിവക്ക് തുക വകയിരുത്തൽ |
| 1 | അടങ്കൽ- 1. ധനകാര്യകമ്മീഷൻ അവാർഡ്<br>2. തനത് ഫണ്ട് | 215000<br>215000 |
| | ചെലവ് | 215000 (തനത് ഫണ്ട്) |
| | വൗച്ചർ നമ്പർ/തീയതി | 21900519/05.08.2019 |
| 2 | പ്രോജക്ട് നമ്പർ/പേര് | 61/20 – ലോൺ തിരിച്ചടവ് |
| | അടങ്കൽ - 1. വികസനഫണ്ട് പൊതുവിഭാഗം<br>2. തനത് ഫണ്ട് | 1000000<br>1400000 |
| | ചെലവ് | 1202647 (തനത് ഫണ്ട്) |
| | വൗച്ചർ നമ്പർ/തീയതി | 51900419/16.7.2019<br>51900523/20.8.2019<br>51901483/05.3.2020 |

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം യഥാക്രമം ധനകാര്യകമ്മീഷൻ അവാർഡ്, പൊതുവിഭാഗം വികസന ഫണ്ട് എന്നിവയിൽ നിന്നും വകയിരുത്തിയ തുക ചെലവഴിക്കാത്തതിനാൽ 2020-21-ൽ സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം വാങ്ങുകയും താഴെ പറയും പ്രകാരം തുക പിൻവലിക്കുകയും ചെയ്തു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | 159/21 - പഞ്ചായത്ത് ഓഫീസ് നവീകരണത്തോടനുബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ് എന്നിവക്ക് തുക വകയിരുത്തൽ |
|---|---|---|
| 1 | അടങ്കൽ - ധനകാര്യകമ്മീഷൻ അവാർഡ് | 215000 |
| | ചെലവ് | 215000 |
| | ട്രഷറി ബിൽ നമ്പർ/തീയതി | 3/11.5.2020 |
| 2 | പ്രോജക്ടിന്റെ നമ്പർ/പേര് | 152/21 – ലോൺ തിരിച്ചടവ് |
| | അടങ്കൽ - വികസനഫണ്ട് പൊതുവിഭാഗം<br>തനത് ഫണ്ട് | 1000000<br>197353 |
| | ചെലവ് | 1000000 |
| | ട്രഷറി ബിൽ നമ്പർ/തീയതി | 1/20.4.2020 |

2020-21-ൽ മുകളിൽ പറഞ്ഞ പ്രകാരം പിൻവലിച്ച യഥാക്രമം 215000 രൂപ, 1000000 രൂപ എന്നിവ പ്രോജക്ടിൽ അംഗീകാരം ലഭിച്ചതു പ്രകാരമുള്ള ആവശ്യത്തിന് ചെലവഴിക്കാതെ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഈ നടപടി ക്രമപ്രകാരമല്ല എന്ന് കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 28/25.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപ്രകാരം വികസനഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ച 1215000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ ചെലവിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തുക തിരിച്ചടക്കേണ്ടതാണ്.

## 1-55 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | ട്രഷറി ബിൽ/വൌച്ചർ നമ്പർ/തീയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 1/21 ഐ കെ എം-ന് വിഹിതം നൽകൽ | 92870 | 6/16.6.2020 | വിനിയോഗ സാക്ഷ്യപത്രം |
| 2 | 33/21 – കാൻ തൃശ്ശൂർ വിഹിതം കൈമാറൽ | 80000 | 30/12.01.2021 | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രസീത്, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-56 ജിഎസ് ടി ഇൻവോയ്സ് ലഭ്യമാക്കാതെ തുക നല്കി-61,900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 145/21- പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നല്കൽ | 61,900 | 22000348 | 2/4/20 | സായി മ്യൂസിക്കൽ ഇൻഡസ്ട്രീസ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിന് വാദ്യോപകരണത്തിന്റെ തുകയായി നല്കിയത്.<br>ഇൻവോയ്സ് 0123 തീ 30/3/20 തുക 61,900 |

സർക്കുലർ നമ്പർ 18/19 ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്റ്റ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജിഎസ് ടി നമ്പർ വ്യക്തമാക്കാത്ത,സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത ,ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യഗസ്ഥൻ സായി മ്യൂസിക്കൽ ഇൻഡസ്ട്രീസ് ,തൃശ്ശൂർ എന്ന സപ്ലെയർക്ക് തുക നല്കിയിട്ടുള്ളത്.ജിഎസ് ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 61900 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-57 ബയോബിൻ-ബിൽ തുകയേക്കാൾ 16380 രൂപ കൂടുതൽ സപ്ലെയർക്ക് നല്കിയത് നിരാകരിക്കുന്നു

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 164/20- ബയോബിൻ വിതരണം | 117000<br>11700<br>128700 | 22000347<br>22001670 | 12/4/20<br>31/3/21 | IRTC മുണ്ടൂർ എന്ന സ്ഥാപനത്തിന്.<br>I) 1710 രൂപ നിരക്കിൽ 32 എണ്ണം ബയോബിൻ സപ്ലൈ ചെയ്തതിന് 54720 രൂപ (ഇൻവോയ്സ് B2b175 തീ 19/9/20),<br>Ii)32 എണ്ണം ബയോകംപോസ്റ്റർ ബിൻ 1800 രൂപ നിരക്കിൽ വിതരണം ചെയ്തതിന് 57600 രൂപ (ഇൻവോയ്സ് B2b080 തീ 19/9/20) |

| | | | | |
|---|---|---|---|---|
| | | | | ആകെ 112320 രൂപ |

മേൽ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.IRTCയുടെ 23.3.20 ലെ കത്ത് പ്രകാരം സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ വിലയുടെ 50% മുൻകൂർ ആയി നല്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണവും ആവശ്യകതയും കണക്കാക്കാതെ നിർവ്വഹണോദ്യഗസ്ഥ 117000 രൂപ വികസന ഫണ്ടിൽ നിന്നും മുൻകൂർ ആയി നല്കി.ആകെ പ്രോജക്റ്റിന്റെ ചെലവ് 112320 രൂപ മാത്രമായിരിക്കെ 117000 രൂപ, സാധനങ്ങൾ ലഭ്യമാക്കുന്നതിന് 5 മാസം മുമ്പ് സ്ഥാപനത്തിന് മുൻകൂറായി നല്കിയത് ശരിയല്ല.

2.പ്രോജക്റ്റ് പ്രകാരം ബയോബിൻ,ബയോകമ്പോസ്റ്റർ ബിൻ എന്നിവ 90%സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 65 പേരിൽ നിന്ന് 180 രൂപ വാങ്ങിയിട്ടുണ്ട്(ആകെ 11,700).64 ബയോബിൻ,ബയോകമ്പോസ്റ്റർ ബിൻ മാത്രമേ IRTC യിൽ നിന്നും വാങ്ങിയതായി കാണുന്നുള്ളൂ.ബാക്കി 1 ഒരാൾക്ക് ഗുണഭോക്തൃവിഹിതം തിരികെ നല്കിയതായും കാണുന്നില്ല.

3.ലഭ്യമായ സാധനങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ എഴുതി ബയോബിൻ കൈപ്പറ്റിയ ആൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.കുറച്ച് വെള്ളപേപ്പറിലുള്ള കൈപ്പറ്റ് രസീതുകൾ, കുറച്ച് അപേക്ഷയിൽ തന്നെ ഒപ്പ്, കുറച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പ് എന്ന രീതിയിലാണ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്.ലഭ്യമാകുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിതരണരജിസ്റ്ററിൽ വിതരണം സംബന്ധിക്കുന്ന വിവരങ്ങൾ ചേർത്ത് സാധനങ്ങൾ ലഭ്യമാകുന്നയാൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

4..

| | അടവാക്കേണ്ടത് | അടച്ചത് | കൂടുതൽ നല്കിയത് |
|---|---|---|---|
| ഗുണഭോക്തൃവിഹിതം 10%<br>(ആകെ 112320രൂപയുടെ 10%-11232 മാത്രമെ ഗുണഭോക്തൃവിഹിതം ആവശ്യമുള്ളൂ. എന്നാൽ 1710 രൂപയുടെ ബിൻ നം 180 രൂപ ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്തിട്ടുണ്ട്.ലഭിച്ച ഗുണഭോക്തൃവിഹിതം 11700- ഒരാൾക്ക് തിരികെ നല്കാനുള്ള 180 രൂപ കുറവ് ചെയ്ത് ബാക്കി മുഴുവനായി IRTC യ്ക്ക് നല്കാവുന്നതാണ്.) | 11520 | 11700 | 180 |
| വികസനഫണ്ട്<br>(112320- 11520) =100800 | 100800 | 117000 | 16200 |
| | 112320 | 128700 | 16380 |

സാധനങ്ങൾ വിതരണം ചെയ്ത IRTC ആകെ 112320 രൂപയുടെ ബില്ലുകൾ മാത്രമാണ് ആവശ്യപ്പെട്ടത് എന്നിരിക്കെ വികസനഫണ്ടിൽ നിന്നും ഗുണഭോക്തൃവിഹിതത്തിൽ നിന്നുമായി 128700 രൂപ നല്കിയിരിക്കുന്നു. കൂടുതലായി 16380 രൂപ നല്കിയിരിക്കുന്നു. സ്ഥാപനത്തിന്റെ ക്ലെയിം പരിശോധിക്കാതെ തുക നല്കിയത് ശരിയായ നടപടിയല്ല.16200 രൂപ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി വികസനഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. ബാക്കി 180 രൂപ സ്ഥാപനത്തിൽ നിന്ന് ഈടാക്കി ഗുണഭോക്തൃവിഹിതം തിരികെ നല്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 23 തീ. 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-58 കട്ടിൽ വിതരണം- സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല.

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 21/21 -വയോജനങ്ങൾക്ക് കട്ടിൽ എസ്.സി | 217473<br>316004 | 22001034<br>22001516 | 18/11/20<br>29/1/21 | 133 കട്ടിലുകൾ 4350 രൂപ നിരക്കിൽ സപ്ലൈ ചെയ്തതിന് കാഡ്കോ എന്ന സ്ഥാപനത്തിന് നല്കിയതുക. |

1.മേൽ പ്രോജക്റ്റ് പ്രകാരം 133 കട്ടിലുകൾ വിതരണത്തിനായി വാങ്ങിയിട്ടുണ്ട്.ലഭ്യമായ കട്ടിലുകൾ ആരൊക്കെ കൈപ്പറ്റി എന്ന് വ്യക്തമാക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ എഴുതി കൈപ്പറ്റിയ ആൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.കുറച്ച് വെള്ള പേപ്പറിലുള്ള കൈപ്പറ്റ് രസീതുകൾ, കുറച്ച് അപേക്ഷയിൽ തന്നെ ഒപ്പ്, കുറച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പ് എന്ന രീതിയിലാണ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്.സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന സാധനങ്ങൾ രേഖപ്പെടുത്തേണ്ടതും വിതരണം കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-59 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- കൂടുതലായി നല്കിയ 16,000രൂപ നിരാകരിക്കുന്നു.രേഖകളില്ലാതെ നല്കിയ 20,000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക കൈപ്പറ്റിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 14/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,70,000<br>20,000<br>90,000<br>1,10,000 | 22001529<br>22001722<br>22001169<br>22001503 | 10/2/21<br>30/3/21<br>13/1/21<br>19/1/21 | ശ്രീ അഭിഷേക് കെ.യു -30,000 രൂപ,കുമാരി ദീപ്തി സി ഡി-30,000 രൂപ<br>കുമാരി ഐശ്വര്യ സി ആർ-20,000 രൂപ<br>കുമാരി നന്ദ ഗണേഷ്-30,000 രൂപ<br>ശ്രീ.യോഷീറോ -20,000 രൂപ |

മേൽ പ്രോജക്റ്റ് പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് (കൈ)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖണ്ഡിക 7.2.5 പ്രകാരം സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സിനനുസരിച്ച് സ്കോളർഷിപ്പ് തുകയിൽ വ്യത്യാസം വരുമെന്നത് പരിഗണിക്കാതെ ആദ്യം വിദ്യാർത്ഥികൾക്ക് 30,000 രൂപ നിരക്കിൽ തുക നല്കുകയും പിന്നീട് സർക്കാർ ഉത്തരവിനേക്കാൾ അധികരിച്ച് നല്കിയ തുക തിരികെ പിടിക്കുകയും സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൂടുതലായി നല്കിയ തുക പൂർണമായും തിരികെ പിടിക്കാത്തതും കൂടുതൽ നല്കിയത് തിരികെ പിടിക്കാത്തതും അർഹതയിൽ കുറവ് തുക നല്കിയതും പഠിക്കുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കോളർഷിപ്പ് നല്കിയതും ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അർഹമായ സ്കോളർഷിപ്പ് | നല്കിയതുക | കൂടുതലായി നല്കിയ തുക | തിരികെ ഈടാക്കിയ തുക | ഇനി ഈടാക്കാനുള്ള തുക | കുറവ് നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ അഭിഷേക് കെ.യു | ഇലക്ട്രിക്കൽ KGCEE, വികൂറി ITC, തൃശ്ശൂർ | 15,000 | 30,000 | 15,000 | 10,000 (രസീത് 120140108400 തീ 26/2/21) | 5,000 | |
| 2. | കുമാരി നന്ദ ഗണേഷ് | BA ശ്രീ കേരളവർമ കോളേജ് | 20,000 | 30,000 | 10,000 | 9,000 (9/4/21) | 1,000 | |
| 3. | കുമാരി ദീപ്തി സി ഡി | ഡിപ്ലോമ (ഓഫ്ത്താൽമോളജി) പ്രിയദർശിനി ഇൻസിസ്റ്റ്യൂട്ട് .MCH .തിരുവനന്തപുരം | 20,000 | 30,000 | 10,000 | ----- | 10,000 | |
| 4 | ശ്രീ യോഷീറോ ടി .വി | ബി ടെക് തേജസ്സ് എഞ്ചിനീയിറിംഗ് കോളേജ് | 25,000 | 20,000 | --- | --- | --- | 5,000 |
| | | | | | | | 16,000 | 5000 |

1.കൂടുതലായി നല്കിയ 16,000 രൂപ നിരാകരിക്കുന്നു. ഈ തുക തിരികെ നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.ശ്രീ യോഷീറോ യ്ക്ക് അർഹതപ്പെട്ട തുകയിൽ കുറവ് തുക നല്കിയതിന് കാരണം പരിശോധിക്കേണ്ടതാണ്.ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3.കുമാരി ഐശ്വര്യ സി ആർ ൽ നിന്നും പഠിക്കുന്ന കോഴ്സിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് സ്കോളർഷിപ്പ് 20,000 രൂപ അനുവദിച്ചിരിക്കുന്നത്.സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-60 HMC പ്രൈമറി ഹെൽത്ത് സെന്റർ ,മണലൂർവാർഷിക് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 21-5-22 )

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ (ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്കു വിധേയമായി രൂപം കൊണ്ടിട്ടുള്ള HMC നാളിതു വരെയുള്ള വരവു/ചെലവു കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോബിൻ-ബിൽ തുകയേക്കാൾ 16380 രൂപ കൂടുതൽ സപ്ലെയർക്ക് നല്കിയത് നിരാകരിക്കുന്നു

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 164/20-ബയോബിൻ വിതരണം | 117000<br>11700<br>128700 | 22000347<br>22001670 | 12/4/20<br>31/3/21 | IRTC മുണ്ടൂർ എന്ന സ്ഥാപനത്തിന്.<br>I) 1710 രൂപ നിരക്കിൽ 32 എണ്ണം ബയോബിൻ സപ്ലെ ചെയ്തതിന് 54720 രൂപ (ഇൻവോയ്സ് B2b175 തീ 19/9/20),<br>Ii)32 എണ്ണം ബയോകംപോസ്റ്റർ ബിൻ 1800 രൂപ നിരക്കിൽ വിതരണം ചെയ്തതിന് 57600 രൂപ (ഇൻവോയ്സ് B2b080 തീ 19/9/20)<br>ആകെ 112320 രൂപ |

മേൽ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.IRTCയുടെ 23.3.20 ലെ കത്ത് പ്രകാരം സപ്ലെ ചെയ്യുന്ന സാധനങ്ങളുടെ വിലയുടെ 50% മുൻകൂർ ആയി നല്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണവും ആവശ്യകതയും കണക്കാക്കാതെ നിർവ്വഹണോദ്യഗസ്ഥ 117000 രൂപ വികസന ഫണ്ടിൽ നിന്നും മുൻകൂർ ആയി നല്കി.ആകെ പ്രോജക്റ്റിന്റെ ചെലവ് 112320 രൂപ മാത്രമായിരിക്കെ 117000 രൂപ ,സാധനങ്ങൾ ലഭ്യമാക്കുന്നതിന് 5 മാസം മുമ്പ് സ്ഥാപനത്തിന് മുൻകൂറായി നല്കിയത് ശരിയല്ല.

2.പ്രോജക്റ്റ് പ്രകാരം ബയോബിൻ,ബയോകമ്പോസ്റ്റർ ബിൻ എന്നിവ 90%സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 65 പേരിൽ നിന്ന് 180 രൂപ വാങ്ങിയിട്ടുണ്ട്(ആകെ 11,700).64 ബയോബിൻ,ബയോകമ്പോസ്റ്റർ ബിൻ മാത്രമേ IRTC യിൽ നിന്നും വാങ്ങിയതായി കാണുന്നുള്ളൂ.ബാക്കി 1 ഒരാൾക്ക് ഗുണഭോക്തൃവിഹിതം തിരികെ നല്കിയതായും കാണുന്നില്ല.

3.ലഭ്യമായ സാധനങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ എഴുതി ബയോബിൻ കൈപ്പറ്റിയ ആൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.കുറച്ച് വെള്ളപേപ്പറിലുള്ള കൈപ്പറ്റ് രസീതുകൾ, കുറച്ച് അപേക്ഷയിൽ തന്നെ ഒപ്പ്, കുറച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പ് എന്ന രീതിയിലാണ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്.ലഭ്യമാകുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിതരണരജിസ്റ്ററിൽ വിതരണം സംബന്ധിക്കുന്ന വിവരങ്ങൾ ചേർത്ത് സാധനങ്ങൾ ലഭ്യമാകുന്നയാൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

4..

| | അടവാക്കേണ്ടത് | അടച്ചത് | കൂടുതൽ നല്കിയത് |
|---|---|---|---|
| ഗുണഭോക്തൃവിഹിതം 10%<br>(ആകെ 112320രൂപയുടെ 10%-11232 മാത്രമെ ഗുണഭോക്തൃവിഹിതം ആവശ്യമുള്ളൂ. എന്നാൽ 1710 രൂപയുടെ ബിൻ നം 180 രൂപ ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്തിട്ടുണ്ട്.ലഭിച്ച ഗുണഭോക്തൃവിഹിതം 11700- ഒരാൾക്ക് തിരികെ നല്കാനുള്ള 180 രൂപ കുറവ് ചെയ്ത് ബാക്കി മുഴുവനായി IRTC യ്ക്ക് നല്കാവുന്നതാണ്.) | 11520 | 11700 | 180 |
| വികസനഫണ്ട്<br>(112320- 11520) =100800 | 100800 | 117000 | 16200 |
| | 112320 | 128700 | 16380 |

സാധനങ്ങൾ വിതരണം ചെയ്ത IRTC ആകെ 112320 രൂപയുടെ ബില്ലുകൾ മാത്രമാണ് ആവശ്യപ്പെട്ടത് എന്നിരിക്കെ വികസനഫണ്ടിൽ നിന്നും ഗുണഭോക്തൃവിഹിതത്തിൽ നിന്നുമായി 128700 രൂപ നല്കിയിരിക്കുന്നു.കൂടുതലായി 16380 രൂപ നല്കിയിരിക്കുന്നു.സ്ഥാപനത്തിന്റെ ക്ലെയിം പരിശോധിക്കാതെ തുക നല്കിയത് ശരിയായ നടപടിയല്ല.16200 രൂപ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി വികസനഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.ബാക്കി 180 രൂപ സ്ഥാപനത്തിൽ നിന്ന് ഈടാക്കി ഗുണഭോക്തൃവിഹിതം തിരികെ നല്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-2 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- കൂടുതലായി നല്കിയ 16,000രൂപ നിരാകരിക്കുന്നു

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക കൈപ്പറ്റിയത് |
|---|---|---|---|---|
| 14/21-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,70,000<br>20,000<br>90,000<br>1,10,000 | 22001529<br>22001722<br>22001169<br>22001503 | 10/2/21<br>30/3/21<br>13/1/21<br>19/1/21 | ശ്രീ അഭിഷേക് കെ.യു -30,000 രൂപ,കുമാരി ദീപ്തി സി ഡി-30,000 രൂപ<br>കുമാരി ഐശ്വര്യ സി ആർ-20,000 രൂപ<br>കുമാരി നന്ദ ഗണേഷ്-30,000 രൂപ<br>ശ്രീ.യോഷീറോ -20,000 രൂപ |

മേൽ പ്രോജക്റ്റ് പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് (കൈ)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖണ്ഡിക 7.2.5 പ്രകാരം സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സിനനുസരിച്ച് സ്കോളർഷിപ്പ് തുകയിൽ വ്യത്യാസം വരുമെന്നത് പരിഗണിക്കാതെ ആദ്യം വിദ്യാർത്ഥികൾക്ക് 30,000 രൂപ നിരക്കിൽ തുക നല്കുകയും പിന്നീട് സർക്കാർ ഉത്തരവിനേക്കാൾ അധികരിച്ച് നല്കിയ തുക തിരികെ പിടിക്കുകയും സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൂടുതലായി നല്കിയ തുക പൂർണമായും തിരികെ പിടിക്കാത്തതും കൂടുതൽ നല്കിയത് തിരികെ പിടിക്കാത്തതും അർഹതയിൽ കുറവ് തുക നല്കിയതും പഠിക്കുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കോളർഷിപ്പ് നല്കിയതും ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അർഹമായ സ്കോളർഷിപ്പ് | നല്കിയതുക | കൂടുതലായി നല്കിയ തുക | തിരികെ ഈടാക്കിയ തുക | ഇനി ഈടാക്കാനുള്ള തുക | കുറവ് നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ അഭിഷേക് കെ.യു | ഇലക്ട്രിക്കൽ KGCEE, വിക്ടറി ITC, തൃശ്ശൂർ | 15,000 | 30,000 | 15,000 | 10,000 (രസീത് 120140108400 തീ 26/2/21) | 5,000 | |
| 2. | കുമാരി നന്ദ ഗണേഷ് | BA ശ്രീ കേരളവർമ കോളേജ് | 20,000 | 30,000 | 10,000 | 9,000 (9/4/21) | 1,000 | |
| 3. | കുമാരി ദീപ്തി സി ഡി | ഡിപ്ലോമ (ഓഫ്താൽമോളജി) പ്രിയദർശിനി ഇൻസിസ്റ്റ്യൂട്ട് .MCH .തിരുവനന്തപുരം | 20,000 | 30,000 | 10,000 | ----- | 10,000 | |
| 4 | ശ്രീ യോഷീറോ ടി .വി | ബി ടെക് തേജസ്സ് എഞ്ചിനീയിറിംഗ് കോളേജ് | 25,000 | 20,000 | --- | --- | --- | 5,000 |
| | | | | | | | 16,000 | 5000 |

1. കൂടുതലായി നല്കിയ 16,000 രൂപ നിരാകരിക്കുന്നു. ഈ തുക തിരികെ നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. ശ്രീ.യോഷീറോ യ്ക്ക് അർഹതപ്പെട്ട തുകയിൽ കുറവ് തുക നല്കിയതിന് കാരണം പരിശോധിക്കേണ്ടതാണ്.ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. കുമാരി ഐശ്വര്യ.സി.ആർ-ൽ നിന്നും പഠിക്കുന്ന കോഴ്സിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് സ്കോളർഷിപ്പ് 20,000 രൂപ അനുവദിച്ചിരിക്കുന്നത്.സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | REMARKS |
|---|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 180000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(99) | 180000 | 0 | |
| | | 100000 | പെയിൻ പാലിയേറ്റീവ് പദ്ധതി(116) | 100000 | 0 | |
| | | 200000 | ലൈഫ് ജനറൽ (ഭവന നിർമ്മാണം) - 2020-21(7) | 200000 | 0 | |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(94) | 200000 | 0 | |
| | | 100000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക സബ്സിഡി(2) | 100000 | 0 | |
| ജില്ലാപഞ്ചായത്ത് | 2020-2021 | 100000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക സബ്സിഡി(2) | 100000 | 0 | |
| | | 30000 | അഗതി രഹിതകേരളം (ആശ്രയ)(4) | 0 | 30000 | |
| | | 100000 | ലൈഫ് ജനറൽ (ഭവന നിർമ്മാണം) - 2020-21(7) | 100000 | 0 | |
| | | 200000 | അംഗനവാടി പോഷകാഹാരം(93) | 200000 | 0 | |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(94) | 200000 | 0 | |
| | | 800000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(99) | 800000 | 0 | |
| | | 500000 | ജല രക്ഷ-ജീവ രക്ഷ(104) | 490026 | 9974 | |
| | | 300000 | പെയിൻ പാലിയേറ്റീവ് പദ്ധതി(116) | 300000 | 0 | |
| | | 34000 | അഗതി രഹിതകേരളം(169) | 34000 | 0 | |
| | | 80000 | തരിശ് പച്ചക്കറി കൃഷി(174) | 80000 | 0 | |
| | | 75000 | തരിശ് കിഴങ്ങ് കൃഷി(176) | 75000 | 0 | |
| | | 49200 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി(179) | 49200 | 0 | |
| | | 36800 | ബയോഫ്ലോക്ക് മത്സ്യക്കൃഷി(180) | 36800 | 0 | |
| | | 705819 | വിനയ അംഗനവാടി പുനർ നിർമ്മാണം(196) | 635737 | 70082 | |
| | | 1600000 | പഞ്ചായത്ത് ലൈബ്രറി കെട്ടിടം നിർമാണം(218) | 0 | 1600000 | SPILL OVER |
| | | 500000 | ക്രിമറ്റോറിയം മെയിൻറനൻസ്(225) | 495791 | 4209 | |
| | | 65768 | വിനയം അംഗനവാടി ഇലക്ട്രിഫിക്കേഷൻ(236) | 59993 | 5775 | |

ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങൾ ചേർത്തിരിക്കുന്നു. ബാലൻസ് തുക ബാലൻഷീറ്റിലെ B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അഗതി രഹിത കേരളം | | 3,30,000/- | 3,30,000/- | 0 |
| ജില്ലാ പഞ്ചായത്ത് | ക്യാൻ തൃശ്ശൂർ | | 80,000/- | 80,000/- | 0 |
| ഐ.കെ.എം | ഐ.കെ.എം.ന് വിഹിതം കൈമാറൽ | | 92,870/- | 92,870/- | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 14,25,000/- | 14,25,000/- | 0 |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് ലൈൻ നീട്ടൽ | | 99,18,79/- | 99,18,79/- | 0 |
| എസ്.എസ്.കെ | എസ്.എസ്.എ. വിഹിതം കൈമാറൽ | | 8,00,000/- | 8,00,000/- | 0 |

ഗ്രാമപഞ്ചായത്തിന് നൽകിയ വിവരങ്ങൾ ചേർത്തിരിക്കുന്നു. ആയത് ബാലൻഷീറ്റിലെ B-18 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പ തുക | വര്ഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതല് | പലിശ | |
| കുടിൽ രഹിത ഗ്രാമം | | 9740000 | 4240000 | 1000000 | 328591 | 3240000 |
| KURDFC | | 7341647 | 7341647 + തൻവർഷം എടുത്തത് 400000 = 7741647 | 497647 | | 7344000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| വർഷാംരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19707893 | 1339324 (പലിശ) | ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്ത തുക - 262292 |
| തൻവർഷം നിക്ഷേപിച്ച തുക | 0 | 0 | 0 |
| ആകെ | 19707893 | 0 | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | 0 | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20784925 | | |

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക | |
|---|---|---|---|
| | 13 സ്ഥിരനിക്ഷേപ അക്കൗണ്ടുകളിൽ | 20784925 | |

വാർഷിക കണക്ക് പ്രകാരം സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് 19707893 രൂപയാണ്. വ്യത്യാസത്തിന് കാരണം ഖണ്ഡിക 1-25 ആയി ചേർത്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 മുതൽ 2001-02 വരെ | | 2004-05 | 4 | 99-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764/- രൂപ മണ്ണ് വില അധികം നൽകിയതായി കണ്ടെത്തിയത് | |
| 2001-02 | 2(2) | 2006-07 | 3.59.1 | <u>നികുതി എഴുതി തള്ളി</u><br>ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2(2) ഓഡിറ്റ് വർഷം വിവിധ നികുതിയിനങ്ങളിലായി മൊത്തം 22808/- രൂപ എഴുതി തള്ളിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന്ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം (വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതി തള്ളൽ) 3(1), (2), (3), (4) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് എഴുതി തള്ളാവുന്ന തുക 1000/- രൂപ മാത്രമാണ്. എന്നിരിക്കെ അതിന് വിരുദ്ധമായി എഴുതി തള്ളിയ 22808/- രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. | |
| 2006-07 | 3-4 | 2010-11 | 5.6.5 | <u>സമാഹരണ മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല .</u><br>താഴെ പറയുന്ന പ്രവർത്തികൾക്ക് സമാഹരണ മുൻകൂർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>1. വനിതാവ്യവസായ കേന്ദ്രം റോഡ് നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നം. 3-4, നൽകിയ രൂപ 38400/-<br>2. വനിതാവ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം – 2006-07, ഖണ്ഡിക നം. 3-4, നൽകിയ രൂപ 45803/- | |
| 2014-15 | 2-2 | 2016-17 | | വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് | |

| | | | | | |
|---|---|---|---|---|---|
| | | | | പഞ്ചായത്തിൽ തൻവർഷം ആരംഭത്തിൽ ഈടാക്കാനുള്ള വസ്തു നികുതി 4276062/- രൂപയാണ്. 2011-12 മുതലുള്ള വസ്തു നികുതി കടിശ്ശികയാണ് . സാമ്പത്തിക വർഷത്തിൽ 2320128/- രൂപയാണ് കടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. തൻ വർഷത്തെ ഡിമാന്റ് 5057434/- രൂപയാണ്. ഇതിൽ പരിച്ചെടുത്തത് 4125785/- രൂപയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 243-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം നികുതികൾ പിരിച്ചെടുക്കാതെ കാലഹരണപ്പെട്ടാൽ സെക്രട്ടറി ബാധ്യസ്ഥനാകുന്നതാണ്. ഈ വിഷയത്തിൽ വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എന്ക്വയറി നം. 23/15.07.16) | |
| 2014-15 | 2-2 | 2016-17 | | തൊഴിൽ നികുതി<br><br>കരാറുകാരുടെയും റേഷൻ ഡീലർമാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ട പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിയെടുക്കുന്ന മുഴുവന് കരാറുകാരിൽ നിന്നും റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷം വിവിധ കരാർ പ്രവൃത്തികൾ നടത്തിയ 24 കരാറുകാരിൽ നിന്നും 12 റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരില് നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | |
| 2014-15 | 2-4 | 2016-17 | | മൊബൈല് ടവറുകൾ - വസ്തു നികുതി ഈടാക്കിയിട്ടില്ല. താഴെ പറയുന്ന മൊബൈൽ സേവന ദാതാക്കളുടെ വസ്തു നികുതി കടിശ്ശികയായിട്ടുണ്ട്. ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എന്ക്വയറി നം. 25/16/7/16) | |

*പഞ്ചായത്ത് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 100501994 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98964326 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 32380 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,65,345 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16380 | ശ്രീമതി അനിത.എ.സി, അസി.സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |

| | | |
|---|---|---|
| 3-2 | 16000 | ശ്രീമതി അനിത.എ.സി, അസി.സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-47 | 1,68,445 | ശ്രീ. ഇക്ബാൽ.പി.എ, അസി. എഞ്ചിനീയർ, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-54 | 12,15,000 | ശ്രീ. ടി.വി.ശിവദാസൻ, സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-56 | 61900 | ശ്രീമതി. സുനിത.കെ.വി, അസി. സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-59 | 20000 | ശ്രീമതി അനിത.എ.സി, അസി.സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനിത.എ.സി, അസി.സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട്, മണലൂർ ഗ്രാമ പഞ്ചായത്ത് | ചേനങ്ങത്ത് വീട്, കാറളം പി.ഒ, തൃശ്ശൂർ - 680711 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 88-89, 89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93, 93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95, 95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98 തി.24.10.98/31.12.98. |
| 97-98 ചെലവ് | എൽ.എഫ്.ടി-15-188/01 തി.17.04.01/06.06.01. |
| 97-98 വരവ് | എൽ.എഫ്.ടി-15-1549/98 തി.31.05.99/06.10.99 |
| 98-99 വരവ് ചെലവ് | എൽ.എഫ്.ടി-15-624/04 തി.27.11.04/11.01.05. |
| 99-00 വരവ് ചെലവ് | എൽ.എഫ്.ടി.15-625/04 തി.27.11.04/11.01.05. |
| 00-01 വരവ് ചെലവ് | എൽ.എഫ്.ടി.15-1546/05 തി.17.01.06/17.07.06. |

| | |
|---|---|
| 99-00<br>01-02 വരെ<br>പ്ലാൻ | എൽ.എഫ്.ടി.15-1249/03 തി.20.02.04. |
| 01-02 വരവ് ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03 വരവ് ചെലവ് | എൽ.എഫ്.ടി-15-1919/06 തി.15.03.07/16.10.07 |
| 03-04 വരവ് ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05 വരവ് ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06 വരവ് ചെലവ് | എൽ.എഫ്.ടി.15-1603/09 തി.18.08.10 |
| 06-07വരവ് ചെലവ് | എൽ.എഫ്.ടി.15-1604/09 തി.19.08.10/31.01.11 |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10,<br>10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ.-ടിഎസ്.ആർ.(പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)1196/16 തീ.22/07/2016 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)40/17 തീ.30-01-2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017 തീയതി:30/11/2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)254/19/ തീയതി:17.06.19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)463/19/ തീയതി:07.12.19 |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.9)-946/2022 തീയതി.05.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്